# 9. ആചാരങ്ങൾ

മനുഷ്യ ജീവിതത്തിലെ എല്ലാ ചര്യകൾക്കും ഇസ്ലാം സ്വന്തമായ ക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഈ ആചാര ക്രമങ്ങളുടെ സംഹിതയാണ് ശരീഅ*ത്. കർമപ്രമാണങ്ങൾ കല്പിക്കുന്ന പഞ്ചകർമങ്ങളാണ് ഇസ്ലാമിെല ഏറ്റവും പ്രധാനവും നിർബന്ധവുമായ ആചാരങ്ങൾ. അവ ആചരിക്കാത്തവർ കർമശാസ്ത്രദൃഷ്ട്യാ ഇസ്ലാമിനെ നിരാകരിച്ചവരാകുന്നു. നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, ഈ ആചാരങ്ങളുടെ അനുബന്ധങ്ങളോ താൽപര്യങ്ങളോ ആയി വരുന്നതാണ് ഇസ്ലാമിലെ ഇതര ആചാരങ്ങളെല്ലാം. അവയിൽ മുസ്ലിം സമുദായം പൊതുവിൽ പിന്തുടർന്നു വരുന്ന പ്രകടമായ ചില സമ്പ്രദായങ്ങൾ സൂചിപ്പിക്കാം.

ജനനം: ശിശു ജനിച്ചാൽ ഉടനെ അതിന്റെ വലതു ചെവിയിൽ ബാങ്കും ഇടതു ചെവിയിൽ ഇഖാമതും കേൾപ്പിക്കുന്നു. പള്ളികളിൽനിന്ന് നമസ്കാരത്തിന്റെ സമയം വിളംബരപ്പെടുത്തുവാനായി വിളിക്കുന്ന ബാങ്ക് തന്നെയാണിത്. ഇഖാമത് എന്നതും ചെറിയ മാറ്റത്തോടുകൂടിയുള്ള ഒരു ബാങ്ക് തന്നെയാണ്. സത്യത്തിന്റെയും ശുദ്ധ പ്രകൃതിയുടെയും ശബ്ദംകൊണ്ടും ധർമ കർമങ്ങൾക്കും ദൈവാരാധനക്കുമുള്ള പ്രേരണകൊണ്ടും നവജാത ശിശുവിനെ ഭൂമിയിലേക്ക് സ്വാഗതം ചെയ്യുകയാണിത്. അനന്തരം കുടുംബത്തിലെ മുതിർന്ന അംഗമോ ആദരണീയരായ മറ്റു വ്യക്തികളോ കുട്ടിക്ക് അല്പം മധുരം നല്കുന്നു. തേൻ തുള്ളിയോ ഈത്തപ്പഴം ചതച്ചതോ ആണിതിന് സാധാരണ ഉപയോഗിക്കുക. പ്രസവിച്ച ഏഴിനോ 14-നോ 21-നോ നവജാത ശിശുവിന്റെ മുടിയെടുക്കുകയും അഗ്രചർമം ഛേദിക്കുക(ചേലാകർമം)യും ചെയ്യുന്നു. സാമ്പത്തിക ശേഷിയുള്ളവർ അന്ന് ഒരു മൃഗബലി നടത്തുകയും ചെയ്യും. ആടോ മാടോ ആയിരിക്കും ബലിമൃഗം. അതിൽ മൂന്നിലൊന്നുവരെ വീട്ടുകാർക്കുപയോഗിക്കാം. ശേഷിക്കുന്നത് അയൽക്കാർക്കും പാവങ്ങൾക്കും വിതരണം ചെയ്യുന്നു. അഖീഃ  എന്നാണീ ബലിയുടെ സാങ്കേതിക നാമം. ചേലാകർമം കുട്ടിക്ക് മൂന്നോ നാലോ വയസ്സാകുന്നതുവരെ നീട്ടിവച്ച് പിന്നീട് ആഘോഷപൂർവം നടത്തുന്ന സമ്പ്രദായം ചില സ്ഥലങ്ങളിലുണ്ട്.

വസ്ത്രധാരണം: സാധാരണ ജീവിതത്തിൽ മറച്ചുവയ്ക്കുന്നത് അസൗകര്യമായിത്തീരുന്ന മുഖം, കൈകാലുകൾ എന്നിവയൊഴിച്ചുള്ള മുഴുവൻ ശരീരവും മറയത്തക്കവണ്ണം വസ്ത്രം ധരിക്കുകയാണ് പൂർണമായ ഇസ്ലാമിക വസ്ത്രധാരണ രീതിയായി കരുതപ്പെടുന്നത്.

പുരുഷൻ മുട്ടിനും പൊക്കിളിനുമിടയിലുള്ള ഭാഗങ്ങൾ നിർബന്ധമായി മറയ്ക്കേണ്ടതാണ്. അത്രയും മറയ്ക്കാതെ നമസ്കരിച്ചാൽ സാധുവാകില്ല. മറ്റു ഭാഗങ്ങൾ മറയ്ക്കൽ ഐച്ഛിക കർമ(സുന്നത്)മാകുന്നു. തലമറയ്ക്കലും പുണ്യകർമമായി കരുതപ്പെടുകയും ഇസ്ലാമിക സംസ്കാരമായി തുടർന്നുവരികയും ചെയ്യുന്നുണ്ട്. ശിരോവസ്ത്രം ഒരറേബ്യൻ സമ്പ്രദായമായിരുന്നുവെന്നും അതിന് മത ധർമത്തിന്റെ സ്ഥാനമില്ലെന്നും കരുതി ഒഴിവാക്കുന്നവരുമുണ്ട്. പള്ളികളിൽ പോകുമ്പോൾ- വെള്ളിയാഴ്ചകളിൽ വിശേഷിച്ചും- ഭംഗിയായി വസ്ത്രധാരണം ചെയ്യാൻ ഇസ്ലാമിക പ്രമാണങ്ങൾ സവിശേഷം അനുശാസിച്ചിരിക്കുന്നു.

സ്ത്രീകൾ പുറത്തിറങ്ങി നടക്കുമ്പോൾ മുഖവും മുൻകൈയും ഒഴികെ ശരീരം മുഴുവൻ മറയ്ക്കുകയാണ് ഇസ്ലാമിക രീതി. അതു ഖുർആൻ തന്നെ കല്പിച്ചിട്ടുള്ളതാണ്. ചില നാടുകളിൽ മുഖം കൂടി മറയ്ക്കുന്ന സമ്പ്രദായമുണ്ട്.

സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ മുഖവും കൈകാലുകളുമൊഴിച്ചുള്ള ശരീരഭാഗങ്ങൾ മറയ്ക്കണമെന്നല്ലാതെ 'പർദ' എന്ന പേരിലുള്ള വസ്ത്രം തന്നെ ധരിക്കണമെന്ന് ശരീഅത് അനുശാസിച്ചിട്ടില്ല. സാരി പോലുള്ള ഇതര വസ്ത്രങ്ങൾ ശിരസ്സും മാറും നന്നായി മറയുന്ന വിധത്തിൽ ധരിച്ചാലും ഇസ്ലാമിക വസ്ത്രധാരണമാകും.

വിശ്വാസികൾ തമ്മിൽ കണ്ടു മുട്ടുമ്പോൾ അസ്സലാമു അലൈക്കും എന്ന് അഭിവാദ്യം ചെയ്യുക സുപ്രധാനവും പ്രചുരവുമായ ഒരാചാരമാണ്. നിങ്ങളിൽ ദൈവത്തിങ്കൽനിന്നുള്ള സമാധാനം വർഷിക്കട്ടെ എന്നാണ് ഈ അറബി വാക്യത്തിന്റെ അർഥം. എല്ലാ ഭാഷക്കാരായ മുസ്ലിംകളും ഈ അറബി വാക്കു തന്നെയാണ് അഭിവാദനത്തിന് ഉപയോഗിക്കുക. പുരുഷൻമാർ തമ്മിൽ കണ്ടുമുട്ടുമ്പോൾ കൈകൊടുക്കുക, പരസ്പരം ആലിംഗനം ചെയ്യുക എന്നിവയും ഇസ്ലാമികാചാരങ്ങളിൽ പെടുന്നു.

വിവാഹം: യൗവനം പ്രാപിച്ചാൽ യുവതീയുവാക്കൾ വിവാഹിതരാകുന്നു. ഇക്കാര്യത്തിൽ അവരെ സഹായിക്കേണ്ടത് ഉറ്റബന്ധുക്കളുടെയും സമുദായത്തിന്റെയും ബാധ്യതയാകുന്നു. ഇണയെ തെരഞ്ഞെടുക്കാൻ സ്ത്രീക്കും പുരുഷന്നും സ്വാതന്ത്ര്യമുണ്ട്. എങ്കിലും അക്കാര്യത്തിൽ രക്ഷിതാക്കളുടെ അഭിപ്രായങ്ങളും ഉപദേശ നിർദേശങ്ങളും മാനിക്കേണ്ടതാണ്. സ്ത്രീകൾ വിവാഹിതരാകുന്നതിന് രക്ഷിതാവിന്റെ കാർമികത്വം നിർബന്ധമാണ്. ഉത്തരവാദപ്പെട്ട രക്ഷിതാക്കളില്ലെങ്കിൽ ഖാദ@ി ആ സ്ഥാനം ഏറ്റെടുക്കണം. പുരുഷൻ ഇണയെ തെരഞ്ഞെടുക്കേണ്ടത് സ്വന്തം സമുദായത്തിൽനിന്നാണ്. എങ്കിലും പൂർവവേദക്കാരിലെ സ്ത്രീകളെയും വിവാഹം ചെയ്യാൻ അനുവാദമുണ്ട്. ബഹുദൈവ മതസമൂഹങ്ങളിലെ സ്ത്രീകളെ വിവാഹം ചെയ്യുന്നതു വിലക്കപ്പെട്ടിരിക്കുന്നു. സ്ത്രീകൾ മുസ്ലിം പുരുഷന്മാരെ മാത്രമേ വിവാഹം ചെയ്യാവൂ.

സാക്ഷികളുടെ സാന്നിധ്യത്തിൽ സ്ത്രീയുടെ രക്ഷിതാവ് പ്രതിശ്രുത വരനോട് 'ഇന്ന സ്ത്രീയെ ഞാൻ നിങ്ങൾക്ക് വിവാഹം ചെയ്തു തന്നിരിക്കുന്നു' എന്നും, വരൻ 'ഞാൻ അതു സ്വീകരിച്ചിരിക്കുന്നു' എന്നും പറയുന്നതോടെ ഇസ്ലാമികാചാരപ്രകാരം ഒരു വിവാഹകർമം പൂർത്തിയാകുന്നു. ഇതിനു പുരോഹിതന്മാരുടെയോ ഖാദിയുടെയോ സാന്നിധ്യം അനിവാര്യമല്ല. എങ്കിലും തദ്ദേശത്തെ ഉത്തരവാദപ്പെട്ടവരുടെ സാന്നിധ്യവും, വിവാഹവേളയിൽ ദാമ്പത്യ ധർമങ്ങളും മര്യാദകളും അനുസ്മരിപ്പിക്കുന്ന ഒരു പ്രഭാഷണം നടത്തുന്നതും ഉത്തമ ചര്യയായി ആചരിച്ചുവരുന്നു. വിവാഹവേളയിൽ പുരുഷൻ സ്ത്രീക്ക് വിവാഹമൂല്യം (മഹ്ർ) നല്കണമെന്നാണ് ഇസ്ലാമിക നിയമം. സ്വർണാഭരണമായിട്ടാണിതു സാധാരണമായി നല്കാറുള്ളത്. സ്ത്രീധന സമ്പ്രദായം ഇന്ന് ചില നാടുകളിൽ മുസ്ലിംകളും ആചരിച്ചു വരുന്നുണ്ടെങ്കിലും അത് അനിസ്ലാമികവും മഹ്ർ എന്ന ഇസ്ലാമിക സമ്പ്രദായത്തിനു വിരുദ്ധവുമാകുന്നു. വിവാഹശേഷം സ്ത്രീ ഭർത്താവിന്റെ വീട്ടിൽ ചെന്ന് അയാളോടൊപ്പം താമസിക്കുന്നു. ഭാര്യയുടെ എല്ലാ

ചെലവുകളും നടത്താൻ ഭർത്താവ് ബാധ്യസ്ഥനാണ്. ഭാര്യക്ക് സ്വന്തം നിലയിൽ സ്വത്ത് കൈവശം വയ്ക്കാനും സമ്പാദിക്കാനും അവകാശമുണ്ട്. ഭർത്താവിന് അതിൽ അധികാരമുണ്ടായിരിക്കുന്നതല്ല. കുട്ടികൾക്ക് മുലയൂട്ടുകയും പോറ്റി വളർത്തുകയും ഗാർഹിക താൽപര്യങ്ങൾ സംരക്ഷിക്കുകയും ചെയ്യേണ്ടത് ഭാര്യയുടെ ബാധ്യതയാണ്.

വിവാഹമോചനം: ദാമ്പത്യബന്ധം ശിഥിലമായാൽ വരന്റെയും വധുവിന്റെയും പക്ഷത്തുനിന്നു മധ്യസ്ഥന്മാർ ഇടപെട്ട് ഒത്തുതീർപ്പുണ്ടാക്കണം. അതിൽ പരാജയപ്പെടുകയും ഇരുവരും ബന്ധം പിരിയാൻ തീരുമാനിക്കുകയുമാണെങ്കിൽ ഭർത്താവ് ആദ്യം ഒരു ത്വലാഖ് (വിവാഹമോചന പ്രസ്താവന) ചെയ്യണം. അനന്തരം ഭാര്യക്ക് മൂന്ന് മാസമുറയുണ്ടാകുന്നതുവരെ അവളെ ഭർത്തൃഗൃഹത്തിൽ തന്നെ പാർപ്പിക്കണം. ഇതിന് ഇദ്ദഃ എന്നു പറയുന്നു. ഇദ്ദഃകാലത്ത് സ്ത്രീ സ്വന്തം വീട്ടിലേക്ക് മാറിത്താമസിക്കുകയോ വേറെ വിവാഹബന്ധത്തിലേർപ്പെടുകയോ ചെയ്യാവതല്ല. ആദ്യ ഭർത്താവിനു എപ്പോൾ വേണമെങ്കിലും അവളുമായി ബന്ധപ്പെടാൻ സൗകര്യമുണ്ടാകുന്നതിനു വേണ്ടിയാണിത്. ഭർത്താവ് അവളെ വീണ്ടും സ്വീകരിക്കുകയാണെങ്കിൽ അതിനു മറ്റൊരു നികാഹി(വിവാഹകർമം)ന്റെ ആവശ്യമില്ല. ഇദ്ദഃകാലം കഴിഞ്ഞാൽ ഭാര്യയെ അവളുടെ കുടുംബത്തിലേക്കു വിടാം. അവൾക്കു വേറെ വിവാഹത്തിലേർപ്പെടുകയും ചെയ്യാം. അവൾ വേറെ വിവാഹത്തിലേർപ്പെടാത്തേടത്തോളം കാലം ആദ്യഭർത്താവിനു തന്നെ മറ്റൊരു നികാഹിലൂടെ അവളെ വീണ്ടും ഭാര്യയാക്കാവുന്നതാണ്. വീണ്ടും തെറ്റിപ്പിരിയുകയും വിവാഹമോചനം ചെയ്യേണ്ടിവരികയുമാണെങ്കിൽ ആദ്യം ചെയ്ത നടപടിക്രമങ്ങൾ ഒരിക്കൽകൂടി ആവർത്തിക്കാവുന്നതാണ്. അനന്തരം പിന്നെയും പിണങ്ങുകയും വേർപിരിയേണ്ടിവരികയുമാണെങ്കിൽ മൂന്നാമത്തെ ത്വലാഖ് ചെയ്യാം. ഇത് അന്തിമ ത്വലാഖാണ്. മൂന്നാം ത്വലാഖിനു ശേഷവും സ്ത്രീ ഇദ്ദഃ ആചരിക്കേണ്ടതാണെങ്കിലും അത് വിവാഹ ബന്ധം പുനഃസ്ഥാപിക്കാനുള്ള അവസരമായിട്ടല്ല; അവൾ ആദ്യഭർത്താവിൽനിന്ന് ഗർഭിണിയാണോ എന്ന് തിട്ടപ്പെടുത്താനാണ്. ഗർഭിണികളുടെ ഇദ്ദഃ പ്രസവം വരെയാണ്. അതിനുമുമ്പ് അവൾ വേറെ വിവാഹത്തിലേർപ്പെടാവതല്ല- ത്വലാഖ് ഒന്നാമത്തേതാവട്ടെ, രണ്ടാമത്തേതാവട്ടെ, മൂന്നാമത്തേതാവട്ടെ. മൂന്നു ത്വലാഖും ചെയ്യപ്പെട്ട ഭാര്യ മറ്റൊരു വിവാഹ ബന്ധത്തിലേർപ്പെടുകയും സംഗതിവശാൽ അതും വിവാഹമോചനത്തിൽ കലാശിക്കുകയും ചെയ്താൽ വേണമെങ്കിൽ ആദ്യഭർത്താവിന് അവളെ പുനർവിവാഹം ചെയ്യാവുന്നതാണ്.

വിവാഹബന്ധത്തിൽനിന്ന് പുരുഷൻ സ്ത്രീയെ മോചിപ്പിക്കലാണ് ത്വലാഖ്. വിവാഹമുക്തക്ക് ഇദ്ദഃകാലത്തെ ചെലവിനു പുറമേ അവളെ സ്വഗൃഹത്തിലേക്ക് പറഞ്ഞുവിടുമ്പോൾ മാന്യമായ ദ്രവ്യം സംഭാവനയായും നല്കേണ്ടതാണ്. ഇതിന് മതാഅ് എന്നു പറയുന്നു. സ്ത്രീ വിവാഹബന്ധത്തിൽനിന്ന് പുരുഷനെ ഒഴിവാക്കുന്നതിന് ഖുൽഅ് എന്നു പറയുന്നു. മോചനം സ്ത്രീയുടെ ഭാഗത്തുനിന്നാണുണ്ടാകുന്നതെങ്കിൽ, പുരുഷൻ നല്കിയ വിവാഹമൂല്യം അവൾ തിരിച്ചുകൊടുക്കണം. മതാഇന് അർഹതയുണ്ടായിരിക്കുന്നതുമല്ല. ഭാര്യ പരപുരുഷ സംസർഗത്തിലേർപ്പെട്ടതായി ഭർത്താവിനു ബോധ്യപ്പെടുകയും സ്ത്രീ അതു നിഷേധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇരുപേരും ലിആനിലൂടെ വേർപിരിയുന്നു. ഓരോരുത്തരും തങ്ങൾ പറയുന്നത് അസത്യമാണെങ്കിൽ തങ്ങളിൽ ദൈവശാപം ഭവിക്കട്ടെ എന്നു പ്രാർഥിക്കുകയാണ് ലിആൻ. ഇതിൽ ഇരുവർക്കും സാമ്പത്തിക ബാധ്യതകളില്ല. ഭർത്താവ് കഠിനമായി പീഡിപ്പിക്കുക, ഭാര്യയുടെ ലൈംഗികാവശ്യങ്ങൾ പൂർത്തീകരിക്കാനാവാത്തവണ്ണം പ്രത്യുൽപാദനശേഷിയില്ലാത്തവനാവുക, ദീർഘകാലം അപ്രത്യക്ഷനാവുക തുടങ്ങിയ കാരണങ്ങളാൽ വിവാഹബന്ധം ഫസ്ഖ് (ദുർബലപ്പെടുത്തൽ) ചെയ്യാനും സ്ത്രീക്ക് അവകാശമുണ്ട്. പീഡനം, സംരക്ഷണരാഹിത്യം എന്നിവ ഉത്തരവാദപ്പെട്ടവരെ ബോധ്യപ്പെടുത്തിയ ശേഷമായിരിക്കണം ഫസ്ഖ് ചെയ്യുന്നത്. ഭർത്താവിന്റെ അജ്ഞാതവാസം മൂലം ഫസ്ഖ് ചെയ്യുമ്പോൾ അതിനുമുമ്പ് ഇത്ര കാലത്തിനകം താനുമായി ബന്ധപ്പെട്ടില്ലെങ്കിൽ ഫസ്ഖ് നടത്തുന്നതാണെന്ന് ഭാര്യ വിളംബരം ചെയ്തിരിക്കേണ്ടതാണ്. ഇക്കാലത്ത് പത്രങ്ങളിലൂടെയാണിതു വിളംബരം ചെയ്യാറുള്ളത്.

മരണം: പരിചിത ജനങ്ങൾ രോഗികളായാൽ അവരെ സന്ദർശിക്കുകയും ശുശ്രൂഷിക്കുകയും അവരുടെ രോഗ ശാന്തിക്കായി ദൈവത്തോടു പ്രാർഥിക്കുകയും ചെയ്യുക ഇസ്ലാം വളരെയേറെ പ്രോത്സാഹിപ്പിച്ചിട്ടുള്ള ആചാരമാണ്. മരണം ആസന്നമായാൽ സ്വത്തുള്ളവർ അതിൽനിന്ന് കുറച്ചുഭാഗം വസ്വിയ്യതു ചെയ്യാൻ ഖുർആൻ കല്പിച്ചിട്ടുണ്ട്. ദായധനത്തിൽ വിഹിതം ലഭിക്കാത്തവർക്കോ ധർമകാര്യങ്ങൾക്കോ ആണ് വസ്വിയ്യതു ചെയ്യേണ്ടത്. ജീവിച്ചിരിക്കുന്ന കാലത്തുതന്നെ ധർമകാര്യങ്ങൾക്ക് സ്വത്ത് ഭാഗം ചെയ്യുന്നതിന് വഖ്ഫ് എന്നാണ് പറയുക. വസ്വിയ്യതു ചെയ്ത ആളുടെ മരണശേഷമേ വസ്വിയ്യതു വസ്തു അതിന്റെ ഗുണഭോക്താക്കൾക്കു ലഭിക്കൂ.

മരണം ഉറപ്പായാൽ, കഴിയുമെങ്കിൽ കലിമ ഉച്ചരിച്ചുകൊണ്ടിരിക്കണം. സ്വയം അതിനു കഴിയാത്തവർക്ക് അടുത്തുള്ളവർ അതു ചൊല്ലിക്കൊടുക്കുന്നു. മനുഷ്യന്റെ ജനനമെന്നപോലെ മരണവും വിശ്വാസവചന(കലിമഃ)ത്തോടെയാകണമെന്നതാണ് ഇതിന്റെ താൽപര്യം. ദൈവവിശ്വാസത്തോടും അവനിലുള്ള പ്രതീക്ഷയോടും കൂടി മരിക്കുന്നതിന് ഈമാനോടുകൂടിയ മരണം എന്നു പറയുന്നു. മരണവേളയിൽ കലിമഃ സ്വയം ചൊല്ലുകയോ മറ്റുള്ളവർ ചൊല്ലിയതു കേൾക്കുകയോ ചെയ്തവർ മാത്രമേ ഈമാനോടുകൂടി മരിക്കൂ എന്നില്ല. വിശ്വാസത്തിൽ നിന്നു വ്യതിചലിക്കാത്ത അവസ്ഥയിൽ മരിച്ചാൽ അതും ഈമാനോടെയുള്ള മരണമാണ്.

മരിച്ചയാളുടെ ബന്ധുക്കൾ ചുറ്റും കൂടിനിന്ന് അലമുറയിടുന്നതും മാറത്തടിക്കുന്നതും നിഷിദ്ധമാകുന്നു. കണ്ണീർ വാർക്കുകയോ അടക്കിപ്പിടിച്ചു കരയുകയോ മാത്രമേ ചെയ്യാവൂ. മൃതദേഹം ഖിബ്ലഃ-കഅ്ബഃ-ക്കഭിമുഖമായി മലർത്തിക്കിടത്തി വെള്ളത്തുണികൊണ്ട് മൂടുന്നു. മൃതദേഹം കഴിയുന്നത്ര വേഗം സംസ്കരിക്കണമെന്നാണ് നിയമം. എങ്കിലും ഉറ്റവർക്കും ഉടയവർക്കും സന്ദർശിക്കാൻ സൗകര്യം നല്കണം. മരണവീട് സന്ദർശിക്കുകയും ഉറ്റവരെ സമാശ്വസിപ്പിക്കുകയും സംസ്കരണത്തിൽ പങ്കെടുക്കുകയും ചെയ്യേണ്ടത് ബന്ധുക്കളുടെയും അയൽക്കാരുടെയും മറ്റു പരിചിത ജനങ്ങളുടെയും ചുമതലയാണ്. മരിച്ച വീട്ടിലെ അംഗങ്ങൾക്ക് അന്നു ഭക്ഷണം കഴിക്കാൻ സൗകര്യം ചെയ്യേണ്ടതും അവരാണ്.

മൃതദേഹം കുളിപ്പിച്ചു വൃത്തിയാക്കിയ ശേഷം മൂന്നു കഷണം തുണിയിൽ പൊതിഞ്ഞു സുഗന്ധ ദ്രവ്യങ്ങൾ പൂശുന്നു. അനന്തരം പള്ളിയിൽ കൊണ്ടുപോയി, അതു മുന്നിൽവച്ച് മയ്യിതു നമസ്കാരം നടത്തുന്നു. ഇതു നിർബന്ധമായ ആചാരമാണ്. മയ്യിതു നമസ്കാരത്തിൽ നേതൃത്വം നല്കാൻ ഏറ്റവും അർഹൻ പരേതന്റെ മക്കളോ പിതാവോ സഹോദരന്മാരോ ആണ്. മറ്റാരെങ്കിലും നേതൃത്വം കൊടുക്കുന്നതിന് വിരോധമൊന്നുമില്ല.

മയ്യിതു നമസ്കാരത്തിനുശേഷം മൃതദേഹം മുസ്ലിം ശ്മശാനത്തിലേക്കെടുക്കുന്നു. അവിടെ നേരത്തെ വെട്ടി തയ്യാറാക്കിയ വലിയ കുഴിയിൽ അത് വച്ച് മുകൾവശം കല്ലോ മരമോ വച്ച് മൂടിയശേഷം മുകളിൽ മണ്ണിടുന്നു. അതോടൊപ്പം സ്ഥലത്തുള്ളവരെല്ലാം മൂന്നുപിടി വീതം മണ്ണ് വാരി "നിങ്ങളെ നാം അതിൽ(മണ്ണിൽ)നിന്നാണ് സൃഷ്ടിച്ചത്, അതിലേക്കുതന്നെ നിങ്ങളെ നാം മടക്കുന്നു, ഇനി ഒരുനാൾ അതിൽനിന്ന് നിങ്ങളെ നാം പുറപ്പെടുവിക്കുന്നതാണ്" എന്നർഥമുള്ള ഖുർആൻ വാക്യമുരുവിട്ടുകൊണ്ട് അതിലേക്കിടുന്നു. അടയാളത്തിനുവേണ്ടി ഖബ്റിന്മേൽ ചെറിയ വരമ്പിടുകയും ഇരുഭാഗത്തും കല്ലു

നാട്ടുകയും ചെടിക്കമ്പുകൾ നടുകയും ചെയ്യാറുണ്ട്. അനന്തരം പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർഥിച്ച ശേഷം ആളുകൾ സ്ഥലം വിടുന്നു.

മരണത്തെത്തുടർന്നുള്ള മൂന്നു ദിവസങ്ങൾ ദുഃഖാചരണത്തിന്റെ നാളുകളാണ്. ഈ ദിവസങ്ങളിൽ പരേതന്റെ വീടു സന്ദർശിക്കുകയും കുടുംബക്കാരെ സമാശ്വസിപ്പിക്കുകയും ചെയ്യൽ പുണ്യമുള്ള കാര്യമാണ്.

മരണത്തെത്തുടർന്ന് മൂന്ന്, ഏഴ്, നാല്പത് തുടങ്ങിയ നാളുകളിലും ചരമ വാർഷികത്തിലും സദ്യയും പ്രത്യേക പ്രാർഥനാ പരിപാടികളും സംഘടിപ്പിക്കുന്ന സമ്പ്രദായം ചില മുസ്‌ലിം സമൂഹങ്ങളിലുണ്ട്. അതൊന്നും പക്ഷേ, ശരീഅത് അനുശാസിച്ചിട്ടുള്ളതല്ല. ഖബ്ർ കെട്ടിപ്പൊക്കി മസാറുകളും സ്മാരക സൗധങ്ങളും നിർമിക്കുകയും നേർച്ചകൾ നടത്തുകയും ചെയ്യുന്ന ഏർപ്പാടും ഇസ്‌ലാം അനുശാസിക്കുന്നതല്ല.

മരിച്ചവർ അവശേഷിപ്പിച്ച സ്വത്തിന്റെ വിതരണം സംബന്ധിച്ച് ശരീഅതിൽ വിശദമായ നിർദേശങ്ങളുണ്ട്. ഇൽമുൽ ഫറാഇദ് (ദായധന വിതരണശാസ്ത്രം) എന്നാണതറിയപ്പെടുന്നത്. എല്ലാ അവസ്ഥകളിലും പരേതന്റെ ദായധനത്തിൽ വിഹിതം ലഭിക്കുന്നവർ മക്കൾ, മാതാപിതാക്കൾ, ഭാര്യ, ഭർത്താവ് എന്നിവരാണ്. മറ്റു ബന്ധുക്കൾക്ക് ഇവരിൽ ചിലരുടെ അഭാവത്തിൽ മാത്രമേ അവകാശമുണ്ടായിരിക്കൂ. മക്കളിൽ ആണുങ്ങൾക്ക് പെൺമക്കളുടെ ഇരട്ടി വിഹിതം ലഭിക്കും. കുടുംബത്തിന്റെ സാമ്പത്തികാവശ്യങ്ങൾ നിർവഹിക്കേണ്ട ചുമതല പൂർണമായും പുരുഷന്മാർക്കായതുകൊണ്ടാണിത്.